**ന്യൂലൈഫ്**

**ബൈബിൾ പഠന കോഴ്സ്**

# രക്ഷ

## യൂണിറ്റ് A

## പഠനം 1. ഒരു വ്യക്തിപരമായ ആവശ്യം

പേര്..............................................

**വായനാഭാഗം: ഉല്പത്തി 1:26 & 27; 2:7 – 9; 15 – 17; 3:1 – 13; 22 – 24**

**താക്കോൽവാക്യം:– റോമർ 5:12**

**"അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു, ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു"**

തീ കത്തി നിൽക്കുന്ന ഒരു കെട്ടിടത്തിൽ കുറേപേർ അകപ്പെട്ടിട്ടുണ്ടെങ്കിൽ അഥവാ മുങ്ങിത്താഴുന്ന ഒരു കടലിലാണെങ്കിൽ അവരെ രക്ഷപ്പെടുത്തണമെന്നുള്ളത് വളരെ അനായാസമായി മനസ്സിലാക്കാവുന്ന കാര്യമാണ്. അവർ വലിയ അപകടത്തിലായതുകൊണ്ട് അവരെ രക്ഷിക്കുന്നതിന് ഒട്ടും താമസിക്കാതെ കഴിയുന്നതൊക്കേയും ചെയ്യണം.

എല്ലാവരും രക്ഷപ്പെടണം എന്നതിന് ബൈബിൾ മറ്റൊരു നിലയിലുള്ള സന്ദേശമാണ് നമ്മോട് അറിയിക്കുന്നത്. 'നമ്മുടെ പാപങ്ങളിൽ നിന്നും രക്ഷ പ്രാപിക്കുക' എന്നാണ് നാം ഇതിനെക്കുറിച്ച് പറയുന്നത്. ഈ അനുഭവം ഇല്ലാതെ നമുക്ക് ഇപ്പോഴുള്ള ജീവിതത്തിൽ യേശുകർത്താവിന്റെ യഥാർത്ഥ അനുഗാമികളാകുവാൻ കഴിയില്ല നമ്മുടെ പിന്നീടുള്ള ജീവിതത്തിലും നമുക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാൻ സാധിക്കുകയില്ല. അങ്ങനെയെങ്കിൽ 'രക്ഷ' എന്നത് വളരെ പ്രാധാന്യമേറിയ ഒരു വിഷയമാണ്. ബൈബിൾ ഇതെക്കുറിച്ച് എന്തു പറയുന്നുവെന്ന് നാം മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. വളരെ പ്രാരംഭത്തിലേക്കു തന്നെ നമുക്ക് മടങ്ങിച്ചെല്ലാം.

ദൈവമാണ് നമ്മെ മെനഞ്ഞത്. ഒന്നാമത്തെ മനുഷ്യനായ ആദാമിൽ നിന്നും ഉത്ഭവിച്ച നാം ഒരു വലിയ കുടുംബം പോലെയാണ്. തന്റെ സകല സൃഷ്ടിയിൽ നിന്നും വളരെ പ്രത്യേകമായി ദൈവം ആദാമിനെ സൃഷ്ടിച്ചത് *ഉല്പത്തി 1&2* അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ആദാമും അദ്ദേഹത്തിന്റെ ഭാര്യ ഹവ്വയും വളരെ വിശേഷപ്പെട്ടവരായതുകൊണ്ട് ദൈവം അവർക്ക് വ്യക്തമായ അതിര് കല്പിച്ചിരുന്നു. അവർ ചെയ്യേണ്ടതും ചെയ്യരുതാത്തുമായ കാര്യങ്ങൾ ദൈവം അവരോട് പറഞ്ഞിരുന്നു. തന്നോട് അനുസരണക്കേട് കാണിച്ചാൽ വളരെ ഗൗരവമായ പരിണിതഫലങ്ങൾ ഉണ്ടാവുമെന്ന് അവൻ അവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു (*ഉല്പത്തി 2:16 – 17*).

ആദ്യമൊക്കെ എല്ലാം നന്നായി മുന്നോട്ട് പോയി; ആദാമും ഹവ്വയും ഏദെൻ തോട്ടത്തിൽ വളരെ സന്തോഷമായി വസിക്കുകയായിരുന്നു. എന്നാൽ ഒരു പരീക്ഷണം വന്നപ്പോൾ അവർ പരാജയപ്പെട്ടു. അവർ പിശാചിന്റെ പ്രലോഭനങ്ങൾക്ക് കീഴ്പ്പെടുകയും ദൈവത്തെ അനുസരിക്കാതെയിരിക്കുകയും ചെയ്തു. അവർ 'പാപികൾ ' ആയിത്തീർന്നു; അങ്ങനെ ഇപ്പോൾ ദൈവസന്നിധിയിൽ അവർക്ക് സന്തോഷം കണ്ടെത്താനായില്ല; സത്യത്തിൽ ദൈവത്തിൽ നിന്നും ഒളിച്ചിരിക്കത്തക്കവണ്ണം അവരുടെ കുറ്റബോധം വളരെ വലുതായിരുന്നു. ഒരുതരത്തിൽ പറഞ്ഞാൽ, അവർ അനുസരണക്കേട് കാണിച്ച ആ നിമിഷം തന്നെ അവർ 'മരിച്ചു' പോയി ദൈവത്തിൽ നിന്നും വിച്ഛേദിക്കപ്പെട്ടതായി അവർക്ക് അനുഭവപ്പെട്ടു. പിന്നീട് അവന്റെ സാന്നിദ്ധ്യത്തിൽ നിന്നും അവർ പുറത്താക്കപ്പെട്ടു.

മനുഷ്യകുലത്തിന്റെ തലവൻ ആദാമാണ്. തന്റെ അനുസരണക്കേടിന്റെ പ്രവൃത്തി നമ്മെ എല്ലാവരേയും ബാധിച്ചു. അവന്റെ വീഴ്ചയിൽ നമ്മളും വീണു!

"നിന്റെ ആയുഷ്ക്കാലമൊക്കെയും നീ അതിൽ നിന്ന് കഷ്ടതയോടെ അഹോവൃത്തി കഴിക്കും" *(ഉല്പത്തി 3:17)*



"ഏക മനുഷ്യനാൽ (അതായത് ആദാം) പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (*റോമർ 5:12*). സാത്താന്റെ വഴി തിരഞ്ഞെടുത്ത തലവനുള്ള ഒരു കുടുംബത്തിൽ നിന്നുമാണ് നാം വരുന്നത് അപ്പോൾ ഒരു തരത്തിൽ നാം എല്ലാവരും 'ആദാമിന്റെ സന്തതികളാണ് .'

നാം രക്ഷ പ്രാപിക്കേണ്ടതിന്റെ പരമപ്രധാനമായ ഒരു കാര്യം ഇതു തന്നെയാണ്. നമ്മുടെ സ്വാഭാവിക ജനനത്താൽ നാം ഒന്നാമത്തെ മനുഷ്യനായ ആദാമിനോട് ചേർന്നിരിക്കുന്നു അങ്ങനെയാകുമ്പോൾ നാം ഓരോരുത്തരും പാപികളാണ്. ആദാമിനുള്ളതുപോലെ തന്നെ പാപത്തിനുള്ള ശിക്ഷ നമുക്കും മരണം തന്നെയാണ് (*റോമർ 6:23 നോക്കുക*). പാപത്തിനുള്ള ദൈവത്തിന്റെ ശിക്ഷയിൽ നിന്നും നമുക്ക് രക്ഷപെടണമെങ്കിൽ രക്ഷയെന്നത് ഒരു വ്യക്തിപരമായ ആവശ്യമാണ് എന്നതാണ് ഇത് അർത്ഥമാക്കുന്നത്.

ഈ ലോകത്തിൽ ഇത്രമാത്രം ദുഷ്ടതയും തെറ്റായ പ്രവൃത്തികളും എന്തുകൊണ്ടാണെന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? എന്തുകൊണ്ടാണ് മനുഷ്യർ എല്ലായിടവും കള്ളം പറയുകയും, കബളിപ്പിക്കുകയും, മോഹിപ്പിക്കുകയും, കൊല്ലുകയുമൊക്കെ ചെയ്യുന്നത്? പ്രലോഭനങ്ങളെ അഭിമുഖീകരിക്കുമ്പോൾ എന്തുകൊണ്ടാണ് ഏറ്റവും നല്ലവരായ ചിലർ പോലും വീണുപോകുന്നത്? ഇവയെല്ലാം പാപപങ്കിലമായ ഒരു 'വേരിൽ' നിന്നും ഉണ്ടാകുന്ന 'ഫല 'മാണ് എന്നതാണ് ബൈബിളിന്റെ വിശദീകരണം. നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ മാനദണ്ഡത്തോട് അടുക്കുന്നതിൽ നാം സുനിശ്ചിതമായി പരാജയപ്പെടുന്നത് നമ്മുടെ പ്രകൃതം തന്നെ പാപമായതിനാലാണ്.

ചുരുക്കിപ്പറഞ്ഞാൽ രക്ഷ വ്യക്തിപരമായ ഒരു ആവശ്യമാണ് കാരണം:

**1. നാം ആരാണ് എന്നതുകൊണ്ട് –**

"വീണുപോയ നമ്മുടെ തലവനായ ആദാമിന്റെ മക്കളാണ്."

**2. നാം എന്ത് ചെയ്തു എന്നതുകൊണ്ട് –**

"എല്ലാവരും ഒരുപോലെ പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" *(റോമർ 3:23)*.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 1.** ഒരു വ്യക്തിപരമായ ആവശ്യം

❶ നാം എല്ലാവരും രക്ഷ പ്രാപിക്കേണ്ടത് എപ്രകാരമാണ്?

.......................................................................................................................................

.......................................................................................................................................

....................................................................................................................................... 4

❷ ***ഉല്പത്തി 1:26 – 27*** വായിച്ചശേഷം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യജാതിയുടെ പ്രത്യേകത എന്തായിരുന്നുവെന്ന് ഒറ്റവാക്യത്തിൽ എഴുതുക.

.......................................................................................................................................

....................................................................................................................................... 3

.......................................................................................................................................

❸ ***ഉല്പത്തി 2:15 – 17*** പഠിച്ചതിനുശേഷം ചുവടെയുള്ളവ എഴുതുക

A. ആദാമിന് ചെയ്യുവാനായി ദൈവം നൽകിയ രണ്ട് ഉത്തരവാദിത്വങ്ങൾ

.......................................................................................................................................

....................................................................................................................................... 3

B. താൻ ചെയ്യരുതാത്തതായ ഒരു കാര്യം.

.......................................................................................................................................

.......................................................................................................................................

❹ "പരീക്ഷണം വന്നപ്പോൾ അവർ പരാജയപ്പെട്ടു " എന്ന് പഠനത്തിൽ സൂചിപ്പിച്ചിട്ടുണ്ട് ***ഉല്പത്തി 3:1 – 6*** വായിച്ച ശേഷം, അവർ എന്തുകൊണ്ടാണ് പരാജയപ്പെട്ടത് എന്നെഴുതുക. 4

.......................................................................................................................................

.......................................................................................................................................

.......................................................................................................................................

❺ A. ***റോമർ 6:23*** എടുത്തെഴുതുക.

.......................................................................................................................................

.......................................................................................................................................

B. ആദാമിന്റേയും ഹവ്വയുടേയും പാപം ദൈവത്തോടുള്ള അവരുടെ ബന്ധത്തിന് മാറ്റം വരുത്തിയത് എങ്ങനെ?

.......................................................................................................................................

....................................................................................................................................... 6

C. ആദാമിന്റെ പാപം മനുഷ്യകുലത്തെ മുഴുവനായും ബാധിച്ചത് എങ്ങനെ?

.......................................................................................................................................

.......................................................................................................................................

❻ ചുവടെയുള്ളവ ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക.

രക്ഷ വ്യക്തിപരമായുള്ള ഒരു ആവശ്യമാണ്:- 5

a. കാരണം നാമെല്ലാവരും ആദാമിന്റെ സന്തതികളാണ്. ................................

b. ദുഷ്ടന്മാരായവർക്ക് മാത്രം ................................

c. കാരണം നാം എല്ലാവരും ദൈവതേജസ് ഇല്ലാത്തവരായി തീർന്നു. ................................

d. യഹൂദന്മാർക്ക് മാത്രം ................................

e. എനിക്ക് ................................

25

ആകെ മാർക്ക്

ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# രക്ഷ
## യൂണിറ്റ് A
## പഠനം 2. വിലയേറിയ ഒരു ദാനം

**വായിക്കുക: റോമർ 5:6 – 11; തീത്തോസ് 3:3 – 7**

പേര്..............................................

**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തികൾ 4:12**

**"മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല"**

ഒരു രക്ഷാപ്രവർത്തനം നടത്തുന്നത് വളരെ വിലയേറിയ ഒരു കാര്യമാണ്! ഭൂമിയിൽ നിന്നും നൂറുകണക്കിന് അടി താഴെ അകപ്പെട്ടുപോയ ഖനി തൊഴിലാളികളേയോ കൊടുങ്കാറ്റ് അടിച്ച് മുങ്ങിത്താഴുന്ന കപ്പലിലെ യാത്രക്കാരെയോ രക്ഷപ്പെടുത്തുന്നതിന്റെ വില ഒന്ന് ആലോചിച്ചു നോക്കൂ! സ്വന്തം ജീവൻ അപകട സാദ്ധ്യതയിലാക്കിക്കൊണ്ട് അനേകരുടെ ജീവൻ രക്ഷിക്കുവാനായി ചിലർ നൽകുന്ന ധൈര്യത്തിനും ശ്രമത്തിനും ഒരിക്കലും നമുക്ക് വിലയിടുവാനാവില്ല.

ഈ പഠനത്തിൽ നാം കുറച്ചു കൂടെ ഉന്നതമായ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ പോവുകയാണ് - അത് മറ്റൊന്നുമല്ല, നശിച്ചുപോകുന്ന പാപികളെ രക്ഷപ്പെടുത്തുന്നതിനായി ദൈവം നൽകിയ രക്ഷ വളരെ വില നൽകിയിട്ടുണ്ട്.

**1. രക്ഷ ദൈവത്താൽ നൽകപ്പെട്ടതാണ്.**

നമ്മെ നമ്മുടെ പാപങ്ങളിൽനിന്നും നമുക്കു തന്നെ രക്ഷിപ്പാൻ ഒരിക്കലും സാധിക്കുകയില്ല. നമ്മുടെ പാപസ്വഭാവത്തെ മാറ്റുവാൻ നമുക്ക് യാതൊരു തരത്തിലും കഴിയില്ല. മനുഷ്യന് കൈമിടുക്കും ബുദ്ധിശക്തിയും ഉണ്ടായിട്ടും നമ്മുടെ പാപങ്ങളിൽ നിന്നും വിടുതൽ കൊണ്ടുവരാൻ നാം 'ശക്തിയില്ലാത്തവരാണ്' *(റോമർ 5:6)* നാം രക്ഷ പ്രാപിക്കണമെങ്കിൽ ആകെയുള്ള പ്രത്യാശ ദൈവമാണ്.

**2. രക്ഷയെന്നത് ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്.**

ദൈവം പൂർണ്ണമായും നിർമ്മലതയും വിശുദ്ധിയുമുള്ളവനാണ്. അതുകൊണ്ട് അവൻ നമ്മുടെ പാപങ്ങളെ വിധിച്ച് പിഴയോടു കൂടെ നമ്മെ ശിക്ഷിക്കേണ്ടതാണ്. എന്നാൽ അതേസമയം ദൈവം നമ്മെ ഓരോരുത്തരേയും സ്നേഹിക്കുകയും നമ്മെ രക്ഷിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. "നമ്മുടെ രക്ഷിതാവായ ദൈവം .... സകല മനുഷ്യരും രക്ഷ പ്രാപിപ്പാൻ ഇച്ഛിക്കുന്നു" *(1 തിമോഥെയോസ് 2:3 - 4)*. നമുക്ക് രക്ഷ നൽകുന്നതിനോടുള്ള ബന്ധത്തിൽ, അവൻ നമ്മുടെ പാപങ്ങളെ ശിക്ഷിക്കുന്നതോടൊപ്പം നമ്മെ രക്ഷിക്കുന്നതിനുള്ള ഒരു വഴി തയ്യാറാക്കി!

**3. രക്ഷ കൃപയാൽ മാത്രമാണ്**

കൃപ എന്ന വാക്കിന്റെ അർത്ഥം 'അർഹതയില്ലാത്ത പ്രീതി' എന്നതാണ്. നാം അർഹിക്കാത്ത പ്രീതി ദൈവം നമ്മോട് കാണിക്കുന്നതാണ് രക്ഷ നമുക്ക് ലഭ്യമാക്കുന്നതിലൂടെ ദൈവം ചെയ്തത്. പാപികൾ എന്ന നിലയിൽ നാമെല്ലാവരും അവന്റെ ശിക്ഷയ്ക്ക് അർഹരാണ്! എന്നാൽ ഈ ശിക്ഷയിൽ നിന്നും സ്വതന്ത്രരായി കൃപയാൽ മാത്രം അവന്റെ പരിധിയില്ലാത്ത പ്രീതിയിലേക്ക് വരാമെന്നതാണ് ഒരു സന്തോഷവാർത്ത *(എഫെസ്യർ 2:8 - 9* കാണുക). നന്മ ചെയ്യുന്നതിലൂടെയോ, നന്മയോടിരിക്കുന്നതിലൂടെയോ ഉള്ള ശ്രമങ്ങളാൽ നമുക്ക് ഒരിക്കലും ദൈവത്തിൽ നിന്നും രക്ഷ നേടുവാനാവില്ല!

**4. രക്ഷ കർത്താവായ യേശുക്രിസ്തുവിലും അവനിലൂടെ മാത്രവുമുള്ളതാണ്**

പാപത്തിൽ നിന്നുള്ള രക്ഷ മതപരമായ നിയമങ്ങളിലോ ആചാരങ്ങളിലോ ഇല്ല മറിച്ച് ജീവിച്ചിരിക്കുന്ന വ്യക്തിയായ ദൈവപുത്രനായ യേശുകർത്താവിലാണ് ഉള്ളത്. യേശു (എന്നതിന്റെ അർത്ഥം രക്ഷകൻ എന്നതാണ്) എന്ന പേര് അവന് നൽകപ്പെടുവാനുള്ള കാരണം "അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കും" എന്നുള്ളതു കൊണ്ടാണ് *(മത്തായി 1:21)*, പൗലോസും ശീലാസും ഇപ്രകാരം പറഞ്ഞിരിക്കുന്നു, "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീ രക്ഷ പ്രാപിക്കും" *(അപ്പോസ്തലപ്രവൃത്തികൾ 16:31)* പത്രോസ് താക്കോൽവാക്യത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

**5. രക്ഷ നമുക്ക് നൽകപ്പെട്ടത് നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള അവന്റെ മരണം മൂലമാണ്**

യേശുകർത്താവ് കാൽവറിക്രൂശിൽ മരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് നമ്മുടെ രക്ഷ എത്ര വിലയേറിയതാണെന്ന് നാം മനസ്സിലാക്കുന്നത്. നമ്മെ രക്ഷിക്കുവാൻ സ്വയമായി യാതൊരു പാപവും ഇല്ലാത്തവനായ യേശുകർത്താവ് നമ്മുടെ പാപങ്ങൾക്കായി മരിച്ചു *(1 കൊരിന്ത്യർ 15:3)*. നാം അർഹരായിരുന്ന പിഴ താൻ ഏറ്റെടുത്തു എന്നാണ് ഇത് അർത്ഥമാക്കുന്നത് താൻ ഇത് ചെയ്തതുകൊണ്ട് നാം ഇനി അത് വഹിക്കേണ്ട ആവശ്യം ഇല്ല. മരണമെന്ന പാപത്തിന്റെ ശിക്ഷ സഹിക്കുന്നതിനുപകരം നിത്യജീവനെന്ന ദൈവത്തിന്റെ ദാനം ക്രിസ്തുവിലൂടെ നമുക്ക് ലഭ്യമാകുന്നു *(റോമർ 6:23* വായിക്കുക).

നമുക്ക് രക്ഷ നൽകിയത് ദൈവത്തിന് വളരെ എളുപ്പമുള്ള കാര്യമായിരുന്നു എന്ന് ഒരിക്കലും കരുതരുത്. നാം നമ്മുടെ പാപങ്ങളിൽനിന്നും രക്ഷ പ്രാപിക്കേണ്ടതിന് യേശു എന്ന തന്റെ സ്വന്തം പുത്രനെ കഷ്ടതയിലാക്കി മരണത്തിന് ഏൽപ്പിച്ചു കൊടുത്തതിലൂടെ ദൈവം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതിനും അപ്പുറമായ ഒരു വിലയാണ് നൽകിയത്. നമുക്ക് രക്ഷ സൗജന്യമാണ് (ഇത് നാം അടുത്ത പാഠത്തിൽ പഠിക്കും) എന്നാൽ ദൈവത്തിന് ഇത് വിലയുള്ളതാണ്.



# ന്യൂലൈഫ്
# പ്രവൃത്തി പരിചയം



**1** തന്റെ പാപങ്ങളിൽ നിന്നും സ്വയമായി തന്നെ രക്ഷിക്കുവാൻ കഴിയുമെന്നും അപ്രകാരം സ്വർഗ്ഗത്തിലേക്ക് പോകുവാൻ തന്നെത്താൻ ഒരുങ്ങിയിട്ടുണ്ടെന്നും ഒരാൾ പറഞ്ഞാൽ അദ്ദേഹത്തോടുള്ള നിങ്ങളുടെ ഉത്തരം എന്തായിരിക്കും?

..............................................................................................................................

..............................................................................................................................

.............................................................................................................................. 4

**2** a. 'കൃപ' എന്നാൽ എന്താണെന്ന് വിവരിക്കുക. ........................................................................................

b. ***തീത്തോസ് 2:11*** എടുത്തെഴുതുക

..............................................................................................................................

.............................................................................................................................. 3

**3** "നമ്മുടെ പാപങ്ങളിൽ നിന്നും രക്ഷ നേടുവാനായി പലവഴികളുണ്ട്" എന്ന് ചിലർ പറയുന്നു. ***അപ്പോസ്തലപ്രവൃത്തികൾ 4:12*** ലെ പത്രോസിന്റെ വാക്കുകൾ ഈ പ്രസ്താവനയെ എപ്രകാരമാണ് ഖണ്ഡിക്കുന്നത്?

..............................................................................................................................

..............................................................................................................................

.............................................................................................................................. 4

..............................................................................................................................

**4** യേശുകർത്താവിന്റെ ഏറ്റവും അറിയപ്പെടുന്ന പേരുകളിൽ ഒന്ന് "രക്ഷകൻ" എന്നതാണ്. ഈ വാക്കുകൾ ശരിയായ സ്ഥലങ്ങളിൽ എഴുതുക: "നമ്മുടെ, എന്ന, സാക്ഷാൽ, എന്റെ"

1. "- - - - - - - - - - - - രക്ഷിതാവ്" ലൂക്കോസ് 2:11 2. " - - - - - - - - - - - - - രക്ഷിതാവ്" യോഹന്നാൻ 4:42 4

3. " - - - - - - - - - - - - രക്ഷിതാവ്" തീത്തോസ് 3:4 4. " - - - - - - - - - - - - - - - രക്ഷിതാവ്" ലൂക്കോസ് 1:47

**5** പാപികളെ തങ്ങളുടെ പാപങ്ങളിൽ നിന്നും വിടുവിക്കുന്ന ദൈവിക പദ്ധതിയിൽ യേശുകർത്താവിന്റെ മരണം ഒരു പ്രധാന ഭാഗമായി മാറുന്നത് എപ്രകാരമാണ്?

..............................................................................................................................

.............................................................................................................................. 4

..............................................................................................................................

**6** ബൈബിളിന്റെ ഏറ്റവും വലിയ ഉപദേശങ്ങളിൽ ഒന്ന് യേശുകർത്താവിന്റെ പാപരാഹിത്യത്തെക്കുറിച്ചാണ്.

A. പൗലോസും പത്രോസും യോഹന്നാനും അവനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് സംക്ഷിപ്തമായി എഴുതുക.

1. "അവൻ - - - - - - - - - - - - - - - - - - - - - - - - - - - - - - -" ***2 കൊരിന്ത്യർ 5:21***

2. "അവൻ - - - - - - - - - - - - - - - - - - - - - - - - - - - - - - - -" 1 ***പത്രോസ് 2:21 – 22***

3. "അവനിൽ - - - - - - - - - - - - - - - - - - - - - - - - - - - - -" ***1 യോഹന്നാൻ 3:5***

B. അവന്റെ പാപമില്ലായ്മ എന്തുകൊണ്ടാണ് നമ്മോടുള്ള ബന്ധത്തിൽ പ്രാധാന്യമർഹിക്കുന്നത്?

..............................................................................................................................

.............................................................................................................................. 6

..............................................................................................................................

25

ആകെ മാർക്ക്

# രക്ഷ

## യൂണിറ്റ് A

## പഠനം 3. ഇപ്പോഴുള്ള ഒരു സ്വത്ത്

പേര്.............................................

വായനാഭാഗം: എഫെസ്യർ 2:4 – 10; 2 തിമോഥെയോസ് 1:8 – 10; യെശയ്യാവ് 12:1 – 3

**താക്കോൽവാക്യം: യെശയ്യാവ് 12:3**

**"അതുകൊണ്ട് നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽ നിന്ന് വെള്ളം കോരും"**

നമുക്ക് മാത്രമായുള്ള ചില പ്രത്യേക സ്വത്ത് നമുക്കെല്ലാവർക്കും ഉണ്ട്. നമുക്കുള്ളതുപോലെ തന്നെയുള്ള കാര്യങ്ങൾ മറ്റുള്ളവർക്ക് ഉണ്ടായേക്കാം എന്നാൽ നാം "ഇത് എന്റേതാണ്" എന്നു പറയുന്നതിൽ സന്തോഷിക്കുന്നു.

രക്ഷയെ സംബന്ധിച്ചും ഇപ്രകാരം തന്നെയാണ്. ഇത് നാം സ്വീകരിക്കുമ്പോൾ തന്നെ ഇത് നമുക്ക് ഓരോരുത്തർക്കും നമ്മുടെ വിലപ്പെട്ട വ്യക്തിപരമായ സ്വത്തായി മാറുന്നു.

പഠനം 2 - ൽ കണ്ടതുപോലെ യേശുകർത്താവിൽ രക്ഷ നൽകുന്നതിലൂടെ ദൈവം തന്റെ ഭാഗം ചെയ്തു കഴിഞ്ഞു. "ഇത് എപ്രകാരം നമ്മുടേതായിത്തീരും" എന്നതാണ് അടുത്ത ചോദ്യം. ചില പ്രധാനപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

**1. രക്ഷ ഒരു ദാനമാണ്**



യേശുകർത്താവിന്റെ മരണം പുനരുത്ഥാനത്തിലൂടെ നമ്മെ നമ്മുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ചെയ്തു കഴിഞ്ഞു. നമുക്കു വേണ്ടി തന്റെ ജീവൻ നൽകിക്കൊണ്ട് നമ്മുടെ രക്ഷയ്ക്കായുള്ളത് അവൻ 'അടച്ചു തീർത്തു' ഇപ്പോൾ അതൊരു ദാനമായി താൻ നമുക്ക് നൽകുകയാണ്. ഇതെക്കുറിച്ച് പൗലോസ് *1 തിമോഥെയോസ് 2:5 - 6* ൽ എഴുതിയിരിക്കുന്നത് വായിക്കുക.

**2. രക്ഷ നമ്മുടെ നല്ല പെരുമാറ്റത്തിന് ലഭിക്കുന്ന സ്ഥാനമോ പ്രതിഫലമോ അല്ല**

നാം നല്ലത് ചെയ്താൽ നമ്മുടെ പാപങ്ങളെ ദൈവം ക്ഷമിച്ചു തരും എന്ന് ചിന്തിക്കുവാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ ബൈബിൾ ഇപ്രകാരം പഠിപ്പിക്കുന്നില്ല. നാം ചെയ്യുന്ന ഏറ്റവും നല്ല കാര്യം പോലും ദൈവത്തിന് സ്വീകരിക്കുവാൻ കഴിയാതെവണ്ണം പാപം നമ്മെ പൂർണ്ണമായും നശിപ്പിച്ചു. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്, അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു" പ്രവർത്തിക്കും കാരണമല്ല എന്ന് *എഫെസ്യർ 2:8*- ൽ പറഞ്ഞിരിക്കുന്നു. ദൈവത്തിൽ നിന്നും പ്രീതി നേടുന്ന നല്ല പ്രവൃത്തി ചെയ്തതിന്റെ അടിസ്ഥാനത്തിൽ നമുക്ക് രക്ഷ നേടാനാവില്ല എന്നാണ് "പ്രവൃത്തികളും കാരണമല്ല" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**3. രക്ഷ ലഭ്യമാകുന്നത് എപ്പോഴും മാനസാന്തരം വിശ്വാസത്തോട് ഒന്നിക്കുമ്പോഴാണ്.**

നമ്മുടെ സമ്പൂർണ്ണ പാപത്തെ സമ്മതിക്കുവാൻ തയ്യാറായിക്കൊണ്ട് അതിൽ നിന്നും വിപരീത ദിശയിൽ തിരിയുന്നതിനെയാണ് '**മാനസാന്തരം**' എന്ന് വിളിക്കുന്നത്. ദൈവം സകലരേയും മാനസാന്തരത്തിലേക്ക് വിളിക്കുന്നു എന്ന് ബൈബിളിൽ കാണുവാൻ കഴിയും *(അപ്പോസ്തലപ്രവൃത്തികൾ 17:30* കാണുക). ആത്മാർത്ഥമായി മാനസാന്തരപ്പെടുന്നവർ യേശുകർത്താവ് തങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്ന സുവിശേഷത്തോട് പ്രതികരിക്കുവാൻ മനസ്സ് കാണിക്കുന്നു.

ദൈവവചനത്തിൽ നിന്നും, നാം പാപികളാണെന്നും നാം ചെയ്ത തെറ്റുകളെ കുറിച്ച് നാം ശരിക്കും മനസ്താപമുള്ളവരാണെന്നും മനസ്സിലാക്കുമ്പോഴാണ് യേശുകർത്താവിലുള്ള നമ്മുടെ വിശ്വാസം അർത്ഥമുള്ളതായിത്തീരുന്നത്.

ബൈബിളിൽ 'വിശ്വാസം' എന്നതിന് 'ആശ്രയം' എന്നൊക്കെ അർത്ഥമുണ്ട്. നാം മാനസാന്തരപ്പെട്ട് യേശുകർത്താവിൽ വിശ്വസിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ദൈവം തന്റെ രക്ഷ നമുക്ക് നൽകുന്നത് *(അപ്പോസ്തലപ്രവൃത്തികൾ 20:21* കാണുക) അവൻ നമ്മുടെ പാപങ്ങൾക്ക് വേണ്ടി മരിച്ചുവെന്ന് വിശ്വസിച്ച് പൂർണ്ണമായും അവനിൽ ആശ്രയിക്കണം എന്നാണ് ഇത് അർത്ഥമാക്കുന്നത്. ഇത് വ്യക്തമായി *അപ്പോസ്തലപ്രവൃത്തികൾ 16:30 - 31* ൽ പ്രസ്താവിച്ചിട്ടുണ്ട് നിങ്ങൾ ഇത് സ്വയമായി ഒന്ന് വായിച്ചു നോക്കുക.

രക്ഷ എന്തുകൊണ്ടാണ് വിശ്വാസത്താൽ മാത്രം എന്ന് ഒരുപക്ഷെ നിങ്ങൾ അതിശയിച്ചേക്കാം. പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്.

1. നാം ഇനിയൊന്നും കൂട്ടിച്ചേർക്കാൻ ആവശ്യമില്ലാത്ത വിധം യേശു ക്രൂശിൽ ചെയ്ത പ്രവൃത്തി അത്രയ്ക്കും സമ്പൂർണ്ണമാണ് *(എബ്രായർ 10:14* കാണുക)

2. നാം ചെയ്യുന്ന ഏറ്റവും നല്ല പ്രവൃത്തി പോലും പാപത്താൽ കളങ്കപ്പെട്ടതാണ് ഇത് ദൈവത്താൽ സ്വീകരിക്കപ്പെടുകയില്ല *(യെശയ്യാവ് 64:6* വായിക്കുക)

**4. രക്ഷ ഇപ്പോഴുള്ള ഒരു സ്വത്താണ്**

നാം രക്ഷിക്കപ്പെട്ടു എന്ന് മനസ്സിലാക്കുവാൻ മരണം വരെ കാത്തിരിക്കേണ്ടതുണ്ടോ? ഒരിക്കലുമില്ല! നാം മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുന്ന ആ നിമിഷം തന്നെ നാം രക്ഷിക്കപ്പെടും എന്ന് ദൈവം വാഗ്ദാനം നൽകുന്നു. നമ്മുടെ രക്ഷയെ ഒരു പൂർത്തിയാക്കപ്പെട്ട വസ്തുതയായിട്ടാണ് പല ബൈബിൾ വാക്യങ്ങളിലും പറഞ്ഞിരിക്കുന്നത് *(എഫെസ്യർ 2:8 - 9; 2 തിമോഥെയോസ് 1:8 - 9* എന്നിവ വീണ്ടും വായിക്കുക) ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തി 'ഞാൻ രക്ഷ പ്രാപിച്ചു' അഥവാ 'ദൈവം തന്റെ കൃപയാൽ യേശുകർത്താവിലൂടെ എന്നെ രക്ഷിച്ചു' എന്നു പറയുമ്പോൾ താൻ ഒരിക്കലും ഗർവ്വോടെയോ അഹങ്കരിച്ചു കൊണ്ടോ അല്ല ഇത് പറയുന്നത്.

എത്രയോ വിലയേറിയ ഒരു സ്വത്ത്! "ഞാൻ വ്യക്തിപരമായി ദൈവത്തിന്റെ രക്ഷ നേടിയിട്ടുണ്ടോ? എന്ന് നമ്മോട് തന്നെ ചോദിക്കാം. ഇല്ല എങ്കിൽ ദൈവം നൽകുന്ന ഈ ദാനം ഇപ്പോൾ വാങ്ങാതെയിരിക്കുന്നത് എന്തുകൊണ്ട്?

"ഇതാ ഇപ്പോഴാകുന്നു രക്ഷാദിവസം" *(2 കൊരിന്ത്യർ 6:2)*

1. നമ്മുടെ രക്ഷയ്ക്കായിട്ട് യേശുകർത്താവ് എന്ത് "വിലയാണ്" കൊടുത്തത്? സാദ്ധ്യമെങ്കിൽ ബൈബിളിലെ ഒരു വാക്യം ഉപയോഗിച്ച് നിങ്ങളുടെ ഉത്തരം പിൻതാങ്ങുക.

.............................................................................................................................................

.............................................................................................................................................

.............................................................................................................................................

5

2. A. "സമ്മാനവും ദാനവും" തമ്മിലുള്ള വ്യത്യാസം വിവരിക്കുക

.............................................................................................................................................

.............................................................................................................................................

B. ഈ രണ്ടു വാക്കുകളിൽ ദൈവത്തിന്റെ രക്ഷയെ വിവരിക്കുന്നത് ഏതാണ്? ................................................

C. ***എഫെസ്യർ 2:8 – 9*** വാക്യങ്ങൾ എടുത്തെഴുതുക

.............................................................................................................................................

.............................................................................................................................................

4

3. നമ്മുടെ "നന്മ പ്രവൃത്തികൾ" കൊണ്ട് രക്ഷ നേടുവാൻ കഴിയുകയില്ല എന്നതിന് നിങ്ങളാൽ കഴിയും വിധം വ്യക്തമായി വിവരിക്കുക.

.............................................................................................................................................

.............................................................................................................................................

.............................................................................................................................................

.............................................................................................................................................

4

4. ചുവടെയുള്ള പ്രസ്താവനയുടെ അവസാനം നൽകിയിരിക്കുന്ന കോളത്തിൽ അവ ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക.

5

1. 'വിശ്വസിക്കുക' എന്നതിന് ബൈബിൾ നൽകുന്ന അർത്ഥം 'ആശ്രയം' എന്നാണ് ☐
2. ഈ ജീവിതം അവസാനിക്കുന്നതുവരെ രക്ഷിക്കപ്പെട്ടതിനെക്കുറിച്ച് ആർക്കും ഉറപ്പിക്കുവാനാകില്ല ☐
3. നമ്മുടെ "നല്ല പ്രവൃത്തികളുടെ" അടിസ്ഥാനത്തിലാണ് ദൈവം രക്ഷിക്കുന്നത് ☐
4. നമ്മുടെ പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെട്ട് യേശുകർത്താവിൽ വിശ്വസിക്കുമ്പോൾ ദൈവത്തിന്റെ രക്ഷ നമ്മുടേതായി മാറുന്നു ☐
5. സ്നാനപ്പെടുകയെന്നാൽ രക്ഷിക്കപ്പെടുന്നതുപോലെ തന്നെയാണ് ☐

3

5. ദൈവത്തിന്റെ രക്ഷയെന്ന ദാനം സ്വീകരിക്കുവാനായി ഭാവിയിലെ ഒരു തീയതിക്കുവേണ്ടി കാത്തിരിക്കുന്നത് ബുദ്ധിയില്ലായ്മയാണെന്ന് കാണിക്കുന്ന ബൈബിളിലെ ഒരു പ്രസ്താവന എഴുതുക.

.............................................................................................................................................

.............................................................................................................................................

4

6. പൗലോസ് യഹൂദന്മാരോടും ജാതികളോടും (യവനന്മാർ) പ്രസംഗിച്ച സുവിശേഷം സംക്ഷിപ്തരൂപത്തിൽ ***അപ്പോസ്തലപ്രവൃത്തികൾ 20:21*** ൽ കൊടുത്തിരിക്കുന്നു. തന്റെ സന്ദേശത്തിന്റെ രണ്ട് പ്രസക്ത ഭാഗങ്ങൾ ഏതെല്ലാം?

A. .............................................................................................................................

B. .............................................................................................................................

**വിലയുള്ള വ്യക്തിപരമായ ഒരു സ്വത്ത്! നിങ്ങൾ രക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് എപ്രകാരമാണ് നേടിയതെന്ന് ഒരു ചെറുവിവരണം നൽകുക.**

.............................................................................................................................................

.............................................................................................................................................

.............................................................................................................................................

25

ആകെ മാർക്ക്

# ന്യൂലൈഫ്
## ബൈബിൾ പഠന കോഴ്സ്

പേര്.............................................

# ബൈബിൾ

## യൂണിറ്റ് A

## പഠനം 4. ജീവിത പ്രേരകശക്തി

**താക്കോൽവാക്യം: എഫെസ്യർ 4:1**

**"നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാം വണ്ണം ...... നടപ്പിൻ "**

**വായനാഭാഗം: തീത്തോസ് 2:11 – 14; എഫെസ്യർ 1:12 – 14; 4:1 – 3**

കത്തിയെരിയുന്ന ഒരു കെട്ടിടത്തിൽ നിന്നും ഒരു വ്യക്തിയെ പിടിച്ചു വലിക്കുന്നതുപോലെ അല്ലെങ്കിൽ അപകടത്തിൽ പെട്ട ഒരു കാറിൽ നിന്ന് പുറത്തിറക്കുന്നതുപോലെ രക്ഷപ്പെടുത്തൽ എപ്പോഴും ഒരു നൈമിഷിക പ്രവൃത്തിയാണ്. സംഭവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ രക്ഷപ്പെടുത്തപ്പെട്ട വ്യക്തിയുടെ ശിഷ്ട ജീവിതം വളരെ വ്യത്യാസപ്പെട്ടിരിക്കും ആ ഒറ്റ ദിവസത്തെ സംഭവം ആരുടേയെങ്കിലും ജീവിതത്തിലെ മാറ്റത്തിന് തുടക്കം കുറിക്കുവാൻ ഇടയായേക്കാം.

ദൈവത്തിന്റെ രക്ഷയോടുള്ള ബന്ധത്തിലും ഇത് ഇങ്ങനെ തന്നയാണ്. ജീവിതത്തിൽ ഒരു നാല്ക്കവലയിലെത്തിയ പ്രതീതിയാണുണ്ടാവുക, അതായത് നാം പാപങ്ങളെക്കുറിച്ച് അനുതപിക്കുകയും യേശുകർത്താവിൽ വിശ്വസിക്കുകയും, രക്ഷ പ്രാപിക്കുകയും ചെയ്യുന്നു. ഇത് നാം മൂന്നാമത്തെ പഠനത്തിൽ ശ്രദ്ധിച്ചതാണ്. ഈ സന്ദർഭം മുതൽ കാര്യങ്ങളെല്ലാം വ്യത്യസ്തമാണ്. ഒരു പുതിയ പ്രേരണ, അഥവാ ശക്തി നമ്മുടെ ജീവിതത്തിലേക്ക് വരികയും നമ്മുടെ ജീവിതത്തിലെ എല്ലാറ്റിനും മാറ്റം വരുത്തുകയും ചെയ്യുന്നു (റോമർ 1:16 കാണുക).

ഈ 'ജീവിത പ്രേരകശക്തിയിൽ' നാം ശ്രദ്ധിക്കേണ്ടുന്ന ചില വസ്തുതകൾ ഉണ്ട്.

### 1. ബൈബിളിന്റെ പ്രാധാന്യത

ദൈവം പറഞ്ഞത് ശ്രദ്ധിച്ചു വായിക്കുന്നതിലൂടെ രക്ഷ പ്രാപിച്ചവർ എപ്രകാരമാണ് പെരുമാറേണ്ടത് എന്ന് നാം പഠിക്കുന്നു. ഉദാഹരണത്തിന്, നമ്മുടെ ഒരാഴ്ചയിലെ എല്ലാ ദിവസങ്ങളിലേയും പെരുമാറ്റത്തിനുണ്ടാകുന്ന സ്വാധീനം യേശുകർത്താവിൽ വിശ്വസിക്കുമ്പോൾ ലഭിക്കുന്നതാണെന്ന് നാം മനസ്സിലാക്കുന്നു. എഫെസോസിലുള്ള ക്രിസ്ത്യാനികളോട് അവരുടെ 'നടപ്പിനെ' കുറിച്ച് പൗലോസ് എഴുതിയപ്പോൾ അർത്ഥമാക്കിയതും ഇതു തന്നെയാണ് (*എഫെസ്യർ 4:1; 4:17; 5:1 - 2; 5:8; 5:15* എന്നിവ കാണുക). നമ്മുടെ രക്ഷ നമ്മുടെ ജീവിതത്തിലെ എല്ലാ മേഖലകളേയും സ്വാധീനിക്കണം (ഈ വാക്യങ്ങളിൽ കാണുന്ന 'നടപ്പ് എന്നുള്ള വാക്ക് നിങ്ങളുടെ ബൈബിളിൽ അടിവരയിടുന്നത് സഹായകരമാവും).

ജീവിതത്തിലുടനീളം ബൈബിളിനാൽ നമ്മുടെ പെരുമാറ്റം ക്രമീകരിക്കപ്പെടുവാൻ നിരന്തരമായ ദൈവവചന പാരായണം ആവശ്യമാണ്. നാം നമ്മുടെ ബൈബിൾ അവഗണിച്ചാൽ നമുക്ക് ഒരിക്കലും നമ്മുടെ ആത്മീയ ജീവിതത്തെ മെച്ചപ്പെടുത്താൻ കഴിയില്ല. നിങ്ങൾ ദൈവം വാഗ്ദാനം ചെയ്ത രക്ഷ നേടിയിട്ടുണ്ട് എന്നാൽ ഇതുവരേയും അവന്റെ വചനം വായിച്ചിട്ടില്ലെങ്കിൽ ഇപ്പോഴാണ് അത് ആരംഭിക്കേണ്ടുന്ന സമയം! ഓരോ ദിവസവും കുറച്ചു ഭാഗം വായിക്കുവാൻ തീരുമാനിക്കുക, അങ്ങനെയാകുമ്പോൾ നിങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന പ്രേരകശക്തിയാണ് രക്ഷയെന്ന് മനസ്സിലാവും.

### 2. പരിശുദ്ധാത്മാവിന്റെ പ്രാധാന്യം

യഥാർത്ഥമായി രക്ഷ നേടിയ ഓരോ വ്യക്തിയുടെയുള്ളിലും പരിശുദ്ധാത്മാവ് വസിക്കുന്നു എന്നത് മനസ്സിലാക്കേണ്ടുന്ന മറ്റൊരു പ്രധാന കാര്യമാണ്. ഇതെക്കുറിച്ച് അനേക ബൈബിൾ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. ഉദാഹരണം, *എഫെസ്യർ 1:13, റോമർ 8:9*. ഇത് കുഴപ്പിക്കുന്ന രീതിയിൽ ആദ്യം നിങ്ങൾക്കു തോന്നിയേക്കാം എന്നാൽ ദൈവം തന്റെ വചനത്തിൽ നമ്മോട് പറഞ്ഞിരിക്കുന്നത് വിശ്വാസത്താൽ അംഗീകരിക്കുമ്പോൾ പ്രലോഭനത്തോടുള്ള നമ്മുടെ തുടർമാനമായ പോരാട്ടത്തിന് നമുക്ക് ശക്തി ലഭിക്കുന്നു. "ദൈവം നമുക്ക് അനുകൂലമാണ്" *(റോമർ 8:31)* എന്ന് മനസ്സിലാക്കുന്നതിൽ നമുക്ക് സന്തോഷിക്കാം.

ദൈവത്തിന് പ്രസാദകരമായ രീതിയിൽ നമ്മുടെ ജീവിതശൈലി ക്രമീകരിക്കുന്നതിന് ദൈവവചനവും പരിശുദ്ധാത്മാവും ഒന്നിച്ച് നമ്മെ സഹായിക്കുന്നു.

രക്ഷിക്കപ്പെട്ടതുകൊണ്ട് ഇനി ഒരിക്കലും പ്രലോഭനത്തെ അഭിമുഖീകരിക്കുകയില്ലെന്നോ പാപം ചെയ്യുകയില്ലെന്നോ തെറ്റായി ധരിക്കരുത്. ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഒരു ആത്മീയ സംഘർഷം എപ്പോഴും ഉണ്ട് എന്നത് ഒരു വസ്തുതയാണ്, താൻ രണ്ട് സ്വഭാവങ്ങളുള്ള വ്യക്തിയാണ് എന്നതാണ് ഇതിന്റെ പ്രധാന കാരണം. യേശുകർത്താവിനെ സ്വീകരിക്കുന്നതിലൂടെ ഒരു ക്രിസ്ത്യാനിക്ക് ഒരു പുതിയ ജീവിതം ലഭ്യമാകുന്നു. ഈ പുതുസ്വഭാവത്തിൽ താൻ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ തനിക്ക് മുമ്പുണ്ടായിരുന്ന, വീണതും പാപപങ്കിലവുമായ പഴയ സ്വഭാവം ഇപ്പോഴും അവനിൽ തന്നെയുണ്ട്. ഇപ്രകാരം ഒരു തീവ്രയുദ്ധം മുടക്കമില്ലാതെ നടന്നുകൊണ്ടിരിക്കുന്നു. ദൈവവചനം അനുസരിച്ചുകൊണ്ടും പരിശുദ്ധാത്മാവിന് കീഴ്പ്പെട്ടുകൊണ്ടും ഈ പുതിയ സ്വഭാവത്തെ പരിപോഷിപ്പിക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പാപം നിറഞ്ഞതാണെന്ന് നമുക്ക് ബോധ്യമുള്ളവയിൽ നിന്നെല്ലാം നാം ഒഴിഞ്ഞുമാറിക്കൊണ്ട് നമ്മുടെ പഴയസ്വഭാവത്തെ 'പട്ടിണിക്കിടണം'

### 3. ഉയിർത്തെഴുന്നേറ്റ രക്ഷിതാവിന്റെ പ്രാധാന്യം

നമ്മുടെ രക്ഷിതാവ് ജീവിച്ചിരിക്കുന്നു എന്ന ബോധ്യം നമ്മുടെ രക്ഷയുടെ സന്തോഷത്തിന്റെ മൂന്നാമത്തെ ഘടകമാണ്! അവൻ നമുക്കുവേണ്ടി മരിച്ചു എന്നത് സത്യമാണ് *(റോമർ 5:8)* എന്നാൽ അവൻ നമുക്കുവേണ്ടി ജീവിക്കുന്നു എന്നതും സത്യം തന്നെയാണ് *(എബ്രായർ 7:25)*. ഇന്ന് അവൻ ഉന്നതനായും മഹത്വീകരിക്കപ്പെട്ടും സ്വർഗ്ഗത്തിൽ വസിക്കുകയും നമ്മുടെ ആഗ്രഹങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. നമുക്കുവേണ്ടിയുള്ള അവന്റെ ഈ പ്രവൃത്തി മുഖാന്തിരം രക്ഷിക്കപ്പെടുന്ന ഒരു അവസ്ഥ തുടർമാനമായി അനുഭവിക്കാൻ കഴിയും. പിശാചിന്റെയും പ്രലോഭനത്തിന്റേയും മേൽ വിജയം നേടുവാൻ അവൻ നമ്മെ സഹായിക്കുന്നു. പുതിയനിയമത്തിലെ ഉപദേശങ്ങൾ ഗ്രഹിക്കുന്ന ഒരു ക്രിസ്ത്യാനിക്ക് വളരെ അർത്ഥവത്തായി ഇപ്രകാരം പറയുവാൻ സാധിക്കും "യേശു എനിക്കുവേണ്ടി മരിച്ചതുകൊണ്ട് ഞാൻ രക്ഷിക്കപ്പെട്ടു; അവൻ എനിക്കായി സ്വർഗ്ഗത്തിൽ ജീവിക്കുന്നതുകൊണ്ട് ഞാൻ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു" യേശുകർത്താവ് മരണത്തിൽ നിന്നും ഉയിർത്തില്ലായിരുന്നുവെങ്കിൽ നമുക്ക് ഒരിക്കലും ഈ രക്ഷ ലഭിക്കുമായിരുന്നില്ല.

### 4. ഭാവിയിലെ രക്ഷയുടെ പ്രാധാന്യം

നമ്മുടെ യേശുകർത്താവ് ഇനിയും വരുവാൻ പോകുന്നു എന്നത് നമ്മുടെ രക്ഷയെ ബലപ്പെടുത്തുന്ന മറ്റൊരു പ്രേരകശക്തിയാണ്. നമ്മളാൽ കഴിയുന്ന വിധം അവനെ സേവിക്കുന്നതിനും ഒരു വിശുദ്ധജീവിതം നയിക്കുന്നതിനും ഇത് നമ്മെ ഉത്തേജിപ്പിക്കുന്നു (*യോഹന്നാൻ 3:1 - 3* കാണുക). അവൻ ഇനിയും മടങ്ങി വരുമ്പോൾ നമ്മുടെ രക്ഷ സമ്പൂർണ്ണമാകും കാരണം നമ്മുടെ പഴയതും പാപപങ്കിലവുമായ സ്വഭാവം എന്നെന്നേക്കുമായി നഷ്ടപ്പെടുകയും യേശുകർത്താവിനെപ്പോലെ ആയിത്തീരുകയും ചെയ്യുന്നു *(ഫിലിപ്പ്യർ 3:20 - 21)*.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 4.** ജീവിത പ്രേരകശക്തി

1 "നിങ്ങൾ യേശുകർത്താവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ട വ്യക്തിയാണെങ്കിൽ നിങ്ങൾ എങ്ങനെ പെരുമാറുന്നു എന്നത് യാതൊരു പ്രാധാന്യവുമില്ലാത്ത കാര്യമാണ് " ഈ പ്രസ്താവനയെ ബൈബിൾ അനുകൂലിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ എഴുതുക.

..........................................................................................................................

..........................................................................................................................

.......................................................................................................................... 4

2 താക്കോൽവാക്യം എടുത്തെഴുതുക

..........................................................................................................................

.......................................................................................................................... 2

3 അടുത്ത കാലത്ത് രക്ഷിക്കപ്പെട്ട ഒരു യുവവ്യക്തിയോട് ബൈബിൾ വായിക്കുന്നതിനെക്കുറിച്ച് എന്ത് നിർദ്ദേശമാണ് നിങ്ങൾ നൽകുക? (*1 **പത്രോസ്** 2:1 – 2* സഹായത്തിനായ് നോക്കുക)

..........................................................................................................................

.......................................................................................................................... 4

4 പണ്ടു കാലങ്ങളിൽ, രേഖകളിലൊന്നും മുദ്ര പതിപ്പിക്കുന്നതിന് രാജാക്കന്മാർ തങ്ങളുടെ മോതിരം മൃദുവായ മെഴുകിൽ മുക്കി പതിക്കുമായിരുന്നു. തന്റെ അംഗീകാരം അതിന് നൽകിയെന്നത് സൂചിപ്പിക്കാനാണ് ഇങ്ങനെ ചെയ്തിരുന്നത്. ദൈവത്തിന്റെ രക്ഷ സ്വീകരിച്ചവർക്കെല്ലാം വേണ്ടി ദൈവം ചെയ്ത കാര്യത്തെ സൂചിപ്പിക്കുന്നതിന് പൗലോസ് ഇതേ കാര്യമാണ് ഒരു ചിത്രമായി ഉപയോഗിക്കുന്നത്. ***എഫെസ്യർ** 1:13 & 2 **കൊരിന്ത്യർ** 1:22* വായിക്കുക. ദൈവം തന്റെ മക്കളെ എപ്രകാരമാണ് 'മുദ്രയിട്ടിരിക്കുന്നത്' എന്ന് ഒറ്റ വാക്യത്തിൽ എഴുതുക

..........................................................................................................................

.......................................................................................................................... 4

5 A. തെറ്റായ ഉത്തരം വെട്ടിക്കളയുക. "രക്ഷിക്കപ്പെട്ട" ഒരു വ്യക്തി **ഒരിക്കലും പാപം ചെയ്യുകയില്ല / ചിലപ്പോൾ പാപം ചെയ്യുന്നു.**

B. ഒരു ക്രിസ്ത്യാനി താൻ പാപം ചെയ്തു എന്ന് മനസ്സിലാക്കിയാൽ താൻ പിന്നീട് എന്താണ് ചെയ്യേണ്ടത്? (*1 **യോഹന്നാൻ** 1:8 & 2:2* ഒരു നല്ല ഉത്തരം നൽകുന്നതിന് നിങ്ങളെ സഹായിക്കും)

..........................................................................................................................

.......................................................................................................................... 4

6 നമ്മുടെ രക്ഷ അടിസ്ഥാനപ്പെട്ടിരിക്കുന്നത് യേശുകർത്താവിന്റെ മരണത്തിൽ മാത്രമല്ല അവൻ വീണ്ടും ജീവിക്കുന്നു എന്ന വസ്തുതയിലും കൂടെയാണ്. ***എബ്രായർ** 7:25* വായിക്കുക, എന്നിട്ട് ഈ വാക്യം എന്താണ് വെളിപ്പെടുത്തുന്നത് എന്നും എഴുതുക.

..........................................................................................................................

.......................................................................................................................... 4

7 ചുവടെയുള്ള പ്രസ്താവനകളെക്കുറിച്ച് ചിന്തിക്കുക

യാക്കോബ് പറയുന്നു "യേശു എനിക്കുവേണ്ടി മരിച്ചു എന്ന് ഞാൻ വിശ്വസിച്ചപ്പോൾ ഞാൻ എന്റെ പാപങ്ങളിൽ നിന്നും രക്ഷ പ്രാപിച്ചു" ..................................

അവൻ പറയുന്നു, "യേശു എനിക്കുവേണ്ടി ജീവിച്ചിരിക്കുന്നതുകൊണ്ട് ഞാൻ രക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു" ..................................

ഫിലിപ്പ് പറയുന്നു, "യേശു എനിക്കായി ഇനിയും വരുമ്പോൾ ഞാൻ രക്ഷിക്കപ്പെടും" .................................. 3

മൂന്ന് പ്രസ്താവനകളും ബൈബിൾപരമായി വളരെ ശരിയാണ്. ചുവടെയുള്ള ഓരോ വാക്യങ്ങളും വായിച്ചശേഷം ഓരോ പ്രസ്താവനകളോടും ഏതു വാക്യമാണ് യോജിക്കുന്നത് എന്നെഴുതുക. ഓരോ പ്രസ്താവനകൾക്കും ശേഷം കൊടുത്തിരിക്കുന്ന ഭാഗത്ത് അതാത് വാക്യങ്ങൾ എഴുതുക.

***എബ്രായർ** 7:25*  ***2 തിമോഥെയോസ്** 1:8 – 10*  ***എബ്രായർ** 9:28*

100 യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25 ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.com